# തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടിക്രമം

വിഷയം: ആ.വ.ഡ. — ജീവനക്കാര്യം — എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II തസ്തികയിൽ താൽക്കാലിക നിയമനം – ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: ഉത്തരവ് നം. ഇ.എഫ്4/80416/2018/DHS, തീയതി 20-10-2020

**ഉത്തരവ് നം. ഇ.എഫ്4-80416/2018/ആ.വ.ഡ. തീയതി 12-11-2020**

പരാമർശ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിലേയ്ക്ക് താൽക്കാലികാടിസ്ഥാനത്തിൽ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II തസ്തികയിൽ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിരുന്നു. കണ്ണൂർ ജില്ലയിൽ ഒരു ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചുവടെ പേര് ചേർക്കുന്ന ഉദ്യോഗാർത്ഥിയെ 1958 ലെ KS&SSR ജനറൽ ചട്ടം 9(a)(1) പ്രകാരം Rs. 22200–48000 ശമ്പള നിരക്കിൽ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച് ഉത്തരവാകുന്നു. ഈ നിയമനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരം നിയമനങ്ങൾക്കോ അതു പ്രകാരമുള്ള ആനുകൂല്യങ്ങൾക്കോ ഇവർക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

ടി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച് 1 വർഷം തികയുന്ന മുറക്കോ അല്ലെങ്കിൽ പി.എസ്.സി. മുഖേന ഒഴിവ് നികത്തപ്പെടുന്ന മുറക്കോ ഏതാണോ ആദ്യം വരുന്നത് ടി തസ്തികയിൽ നിന്ന് ഈ ഉദ്യോഗാർത്ഥിയെ സേവനത്തിൽ നിന്നും സ്ഥാപന മേധാവികൾ വിടുതൽ ചെയ്യേണ്ടതും വിടുതൽ ചെയ്ത വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾ ഉത്തരവ് തീയതി മുതൽ 10 ദിവസത്തിനകം സ്ഥാപന മേധാവി മുമ്പാകെ ചുവടെ പറയുന്ന രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1. പേര്, മേൽവിലാസം, ജനന തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റ്
2. ഗസറ്റഡ് ഓഫീസറിൽ നിന്ന് വാങ്ങിയ സ്വഭാവ സർട്ടിഫിക്കറ്റ്
3. എംപ്ലോയ്മെന്റ്കാർഡ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
4. സർക്കാർ സർവ്വീസിലുള്ള സിവിൽ സർജൻ / കൺസൾട്ടന്റ് റാങ്കിലുള്ള ഡോക്ടറിൽ നിന്ന് വാങ്ങിയ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.

**നിയമനം നൽകിയ ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ**

| Sl. No. | Name & Address | DOB | Posted at |
|---|---|---|---|
| 1. | Snehanidhi.P<br>Kalathil House,<br>Mouvvery,Kottayammalabar.P.O,<br>Kannur-670643 | 16-01-1995 | PHC Ezhome<br>Kannur |

ടി ഉദ്യോഗാർത്ഥിയുടെ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ട ശേഷം മാത്രമേ സ്ഥാപനമേധാവി ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ തെറ്റായി നാമനിർദ്ദേശം ചെയ്തതായി തെളിയുന്ന പക്ഷം ബന്ധപ്പെട്ട വ്യക്തിക്ക് വിശദീകരണം നൽകാൻ ന്യായമായ ഒരു അവസരം നൽകിയശേഷം അപ്രകാരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളെ ഉടനെതന്നെ പിരിച്ച് വിടുന്നതായിരിക്കും.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഉദ്യോഗാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള ഔദ്യോഗിക രേഖയായി കണക്കാക്കാവുന്നതാണ്.

ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി സ്ഥാപന മേധാവി യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2020-ലെ പൊതുസ്ഥലംമാറ്റ നടപടികൾ നടന്നു വരുന്ന സാഹചര്യത്തിൽ സ്ഥലംമാറ്റം നടത്തപ്പെടുന്ന വേളയിലോ , തുടർന്ന് ജീവനക്കാരുടെ ആവശ്യപ്രകാരം സ്ഥലംമാറ്റം നടത്തപ്പെടുന്ന വേളയിലോ മേൽ വിവരിച്ച സ്ഥാപന തലത്തിലുള്ള നിയമനങ്ങൾ പുനഃപരിശോധനയ്ക്ക് വിധേയമാകുന്നതായിരിക്കും.

(ഒപ്പ്)
**ഡോ. ബിന്ദു മോഹൻ**
**അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)**

സ്വീകർത്താവ്:

ഉദ്യോഗാർത്ഥി

പകർപ്പ്:

1) ആരോഗ്യ വകുപ്പ് ഡയറക്ടർ (സി.എ. മുഖാന്തിരം)
2) ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), കണ്ണൂർ
3) ബന്ധപ്പെട്ട സ്ഥാപന മേധാവി
4) ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, കണ്ണൂർ
5) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
6) ഫയൽ / കരുതൽ ഫയൽ

**//ഉത്തരവിൻ പ്രകാരം//**

**സീനിയർ സൂപ്രണ്ട്**

SS-10-11-2020